20634

എൻ.എം.(ബി)2/17611/17/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തിയതി: 14-08-2017

IT Mission Dt. Co-ord. Ajeesha 9746919311

പൊതു വിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

സർ,

വിഷയം:- പൊതു വിദ്യാഭ്യാസം- ഉച്ചഭക്ഷണ പരിപാടി- ആധാർ എൻറോൾമെന്റ്- സംബന്ധിച്ച്.

സൂചന:- എം.എച്ച്.ആർ.ഡിയിൽ നിന്നുള്ള 21/6/2017 ലെ 9-3/2017 നം. കത്ത്.

സംസ്ഥാന സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള മുഴുവൻ കുട്ടികളേയും ആധാറിൽ എൻറോൾ ചെയ്യണമെന്ന് എം.എച്ച്.ആർ.ഡിയിൽ നിന്നും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ താങ്കളുടെ അധികാര പരിധിയിൽപ്പെട്ട സംസ്ഥാന സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ ആധാറിൽ എൻറോൾമെന്റ് നടത്താത്തതുമായ കുട്ടികൾക്ക് ആധാർ എൻറോൾമെന്റ് നടത്തുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

താങ്കളുടെ അധികാര പരിധിയിൽപ്പെട്ട ആധാർ എൻറോൾമെന്റ് നടത്താത്ത കുട്ടികളുടെ വിവരം ശേഖരിക്കേണ്ടതാണ്. ആയതിലേയ്ക്കായി ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ സ്കൂൾ പ്രഥമദ്ധ്യാപകരിൽ നിന്നും എൻറോൾ ചെയ്യാനുള്ള കുട്ടികളുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണ്. അപ്രകാരം എൻറോൾ ചെയ്യാത്ത കുട്ടികൾക്ക് എൻറോൾ നടത്തുന്നതിനായി 20/8/17, 27/8/17 ,28/8/17 എന്നീ ദിനങ്ങളിൽ അക്ഷയ കേന്ദ്രങ്ങളിൽ പ്രത്യേക സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. 17-8-2017 മുതൽ 31-8-17 വരെയുള്ള ദിവസങ്ങളിൽ കുട്ടികൾക്ക് ആധാർ എടുക്കുന്നതിനുള്ള സൗകര്യവും അക്ഷയ കേന്ദ്രങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. അപ്രകാരം ആധാർ എൻറോൾമെന്റ് നടത്തുവാനുള്ള കുട്ടികൾ ജനന സർട്ടിഫിക്കറ്റ്, രക്ഷകർത്താവിന്റെ ആധാർ എന്നിവ സഹിതം അക്ഷയ കേന്ദ്രത്തിൽ പോയൽ മതിയാകും. താങ്കളുടെ അധികാര പരിധിയിൽപ്പെട്ട ഇത്തരം പ്രവർത്തനങ്ങൾ താങ്കളുടെ നേരിട്ടുള്ള മേൽ നോട്ടത്തിൽ നടത്തേണ്ടതാണെന്നും അറിയിക്കുന്നു. രക്ഷകർത്താവിന് ആധാർ ഇല്ലാത്ത കുട്ടികൾ ഇതോടൊപ്പമുള്ള മാതൃകാഫോറം സ്കൂളിലെ ലെറ്റർപാഡിൽ പ്രിന്റ് എടുത്ത് ഉപയോഗിക്കേണ്ടതാണ്. അപ്രകാരമുള്ള ഫോറത്തിൽ കുട്ടിയുടെ ഫോട്ടോയുടെ പുറത്ത് പ്രഥാനാദ്ധ്യാപിക ഒപ്പിട്ട് Round Seal വയ്ക്കേണ്ടതാണ്. മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്)

പകർപ്പ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
} ആധാർ എൻറോൾമെന്റുമായി ബന്ധപ്പെട്ട നടപടികൾ പരിശോധിക്കേണ്ടതും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്

ANNEXURE

## 3-in-1 UNIFIED FORM- AADHAAR EROLLMENT APPLICATION

### Part - 1

To

The Head Teacher

Student's Photograph

I ..........................................(Name) S/o, D/o ........................................ (Name) R/o (address) .................................................................................... studying in Class ........ Section ............ in your school, hereby request for Aadhaar enrolment.

Name of Student: ..................................

Signature: ..................................

---

### Part - 2

**Undertaking by Guardian**

I .......................................................(name) F/o, M/o, Legal Guardian of Master / Miss ........................................(Name) student of Class ........ Section.......... in your school here by give an undertaking that this child is not availing MDM benefit from any school other than this school.

Name: ..................................

Signature: ..................................

---

### Part - 3

**Certificate by Principal / Head Teacher**

It is certified that the above mentioned child is studying in my school and his / her particulars as in part - 1 are correct, as per the school records.

Name of Principal / Head Teacher

Signature & Seal: ..................................

Endt; No: H1/13066/17/DPE

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ മേൽകത്ത്, അടിയന്തിര നടപടിക്ക് സ്വീകരിക്കുന്നതിനായി എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നൽകുന്നു. താങ്കളുടെ അധികാര പരിധിയിൽ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ട മുഴുവൻ കുട്ടികളുടെയും ആധാർ എൻറോൾമെന്റ് പൂർത്തിയാക്കി വിവരം ഈ ഓഫീസിലേക്ക് Email മുഖാന്തിരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

21/8/17

DDE, Ernakulam